# യോഹന്നാന്റെ ജീവപഠനം

## ദൂത് പതിമൂന്ന്

## മരിച്ചുകൊണ്ടിരിക്കുന്നവരുടെ ആവശ്യം–ജീവന്റെ സൗഖ്യം

Mon

### I. യേശു ബലഹീനരുടെയും ലോലമനസ്കരുടെയും സ്ഥലത്തേക്ക് മടങ്ങിവരുന്നു

യേശു ബലഹീനരുടെയും ലോലമനസ്കരുടെയും ഇടമായ ഗലീലയിലെ കാനാവിലേക്ക് മടങ്ങിവന്നു(യോഹ.4:43–46). കാനാവ്, ഗലീലയിലെ നിന്ദിക്കപ്പെട്ട ഒരു സ്ഥലമായിരുന്നു(7:41,52); ബലഹീനരും ലോലമനസ്കരുമായ ജനം പാർക്കുന്ന ലോകത്തിന്റെ അധമവും നിന്ദ്യവുമായ അവസ്ഥയെ ഇത് സൂചിപ്പിക്കുന്നു. ഒരിക്കൽ തന്റെ അടയാളങ്ങളുടെ ആരംഭമായി മരണജലത്തെ ജീവനുള്ള വീഞ്ഞാക്കി മാറ്റിയപ്പോൾ കർത്താവ് ഇവിടെ ആയിരുന്നു. ഇപ്പോൾ രണ്ടാമത്തെ അടയാളം പ്രവർത്തിക്കേണ്ടതിന് അവൻ അതേ സ്ഥലത്തുതന്നെ മടങ്ങിവരുന്നു; അത് ജീവന്റെ തത്ത്വത്തിൽ ഒന്നാമത്തെ അടയാളത്തിന് സമാനമാണ്–മരണത്തെ ജീവനാക്കി മാറ്റുക.

### II. ബലഹീനരും ലോലമനസ്കരും മരിച്ചുകൊണ്ടിരിക്കുന്നു

ഒമ്പത് ദൃഷ്ടാന്തങ്ങളിൽ മൂന്നാമത്തേതായ ഈ സംഭവം, മരിച്ചുകൊണ്ടിരിക്കുന്നവർക്ക് സൗഖ്യം ആവശ്യമാണെന്ന് വെളിപ്പെടുത്തുന്നു. ഒരു രാജഭൃത്യന്റെ മരിക്കാറായ മകനെ സംബന്ധിച്ചതാണ് ഈ സംഭവം. മാനവരാശിക്ക് ഒന്നാമത് വേണ്ടത് വീണ്ടുംജനനവും രണ്ടാമത് സംതൃപ്തിയും മൂന്നാമത് രോഗസൗഖ്യവും ആണ്. നമുക്കെല്ലാവർക്കും ഒരളവുവരെ സൗഖ്യം ആവശ്യമാണ്. ഒരർത്ഥത്തിൽ, നാം ജീവിക്കുന്നു; മറ്റൊരർത്ഥത്തിൽ, നാമെല്ലാവരും മരിച്ചുകൊണ്ടിരിക്കുന്നു. ഒരു കുഞ്ഞ് ജനിക്കുമ്പോൾ അവൻ വളർന്നുകൊണ്ടിരിക്കുന്നു

എന്ന് അവന്റെ അമ്മ കരുതും. യഥാർത്ഥത്തിൽ ആ കുഞ്ഞ് മരിച്ചു കൊണ്ടിരിക്കുകയാണ്. ഭൂമിയിൽ എല്ലാവരും മരിച്ചുകൊണ്ടിരിക്കുക യാണ്. നിങ്ങൾ ചെറുപ്പമാണെങ്കിൽ, ഇപ്പോൾ മുപ്പതു വയസ്സിൽ താഴെയാണ് പ്രായമെങ്കിൽ, നിങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു എന്ന ബോധം നിങ്ങൾക്കില്ലായിരിക്കാം. എന്നാലും, നിങ്ങൾ അറുപതോ എഴുപതോ വയസ്സ് പ്രായമാകുമ്പോൾ, നിങ്ങൾ മരിച്ചുകൊണ്ടിരിക്കു ന്നു എന്ന് നിങ്ങൾ തിരിച്ചറിയും. എഴുപത് വർഷത്തെ ജീവിതകാല യളവ്, എഴുപത് ഡോളറിനോട് താരതമ്യപ്പെടുത്താം. ജീവിച്ച ഓരോ വർഷവും ഓരോ ഡോളർ ചെലവാക്കിയതിന് തുല്യമാണ്. അറുപത് വർഷം ജീവിച്ചപ്പോൾ, നിങ്ങൾ അറുപത് ഡോളർ ചെലവാക്കി. നിങ്ങൾ അറുപത്തൊമ്പതിൽ എത്തുമ്പോൾ, അതിനർത്ഥം നിങ്ങൾക്ക് ചെലവാക്കുവാൻ ഒരു ഡോളർ മാത്രമേ ബാക്കിയുള്ളൂ എന്നാണ്. ആ ഡോളറും ചെലവിടുമ്പോൾ നിങ്ങൾ ക്ഷീണിതനാകും. അതുകൊണ്ട്, മനുഷ്യൻ ജീവിക്കുകയാണ് എന്നു തോന്നുമെങ്കിലും യഥാർത്ഥത്തിൽ അവർ മരിച്ചുകൊണ്ടിരിക്കുന്നു. ഇതുകൊണ്ടാണ് എന്റെ മക്കളോടോ ചെറുമക്കളോടോ എന്റെ ജന്മദിനം ആഘോഷി ക്കുവാൻ ഞാൻ പറയാത്തത്. കാരണം ഞാൻ മരിച്ചുകൊണ്ടിരിക്കുന്നു എന്ന് എന്റെ ജന്മദിനം എന്നോടു പറയുന്നു. നിങ്ങളുടെ പ്രായം കൂടു കയാണോ കുറയുകയാണോ? നാം എത്രനാൾ ജീവിച്ചുവോ, അത്രയും കുറച്ചു കാലമേ നമുക്ക് ജീവിക്കാനുള്ളൂ. ഞാൻ എഴുപതി ലെത്തുവാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഇതേ സ്ഥിതിയിൽ തുടരുവാൻ ഇഷ്ടപ്പെടുന്നു, എന്നാൽ എനിക്കത് കഴിയുകയില്ല. നമുക്കെല്ലാ വർക്കും സൗഖ്യം ആവശ്യമാണ്.

നാം വീണ്ടുംജനിച്ചിരിക്കുന്നു; ദിനംതോറും, നാം നമ്മുടെ സംതൃ പ്തിക്കായി ജീവിക്കുന്ന ആത്മാവായ കർത്താവുമായി ബന്ധപ്പെടു ന്നുണ്ടാകാം. ഇതിനു പുറമേ, നമുക്ക് സൗഖ്യം ആവശ്യമാണ്. നാമെല്ലാവരും രോഗികളും മരിച്ചുകൊണ്ടിരിക്കുന്നവരും ആണ്. നാം വീണുപോയവരും മരിച്ചുകൊണ്ടിരിക്കുന്നവരും തളർന്നവരും ദുർബ ലരുമാണ്. നമുക്ക് കർത്താവിന്റെ സൗഖ്യം ആവശ്യമാണ്. നിങ്ങൾക്ക് കർത്താവായ യേശുവിന്റെ സൗഖ്യദാനം ഉണ്ടെങ്കിൽ നിങ്ങളുടെ മരണാവസ്ഥ ജീവാവസ്ഥയായി മാറും.

കർത്താവിനോടുള്ള എന്റെ രഹസ്യപ്രാർത്ഥന നിങ്ങളുമായി ഞാൻ പങ്കുവയ്ക്കട്ടെ. ഞാൻ കർത്താവിനോട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്, “കർത്താവേ, നിന്റെ വരവിന്റെ സമയം അടുത്തിരിക്കുന്നു. എനി ക്കൊരു ഉപകാരം ചെയ്യണമേ. മരണം കാണാതെ എന്നെ കാക്ക ണമേ. കർത്താവേ, നിന്നെ ശരീരത്തോടെ മുഖാമുഖം കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. നീ വരുന്നതുവരെ എന്നെ ജീവനോടെ കാക്ക ണമേ.” ഹാലേലുയ്യാ, അവൻ വന്നുകൊണ്ടിരിക്കുന്നു! അവൻ വന്നു

കൊണ്ടിരിക്കുമ്പോൾ അവൻ സൗഖ്യമാക്കികൊണ്ടിരിക്കുന്നു. അവൻ തന്റെ വഴിമധ്യേ ആയിരിക്കുമ്പോൾ, നമ്മുടെ ആത്മാവിനെയും ദേഹിയെയും ദേഹത്തെയും അവൻ സൗഖ്യമാക്കിക്കൊണ്ടിരിക്കുന്നു. നിങ്ങൾ ആരോഗ്യവാനായിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, യേശുവിന്റെ സൗഖ്യദാനം നിങ്ങൾ ആസ്വദിക്കണം. യഥാർത്ഥ ആരോഗ്യദായകമായ ഭക്ഷണത്തിന്റെ കലവറ യേശുവാണ്. യേശുവിലേക്കു വരുകയും അവനുമായി ബന്ധപ്പെടുകയും അവനെ ആസ്വദിക്കുകയും ചെയ്യുക. നിങ്ങൾ തുടർച്ചയായി യേശുവിൽ പങ്കുള്ളവരായിരുന്നാൽ, നിങ്ങൾക്ക് ഏറ്റവും നല്ല ഭക്ഷണം, ആരോഗ്യദായകമായ യഥാർത്ഥ ഭക്ഷണം ഉണ്ടായിരിക്കും. ദിവ്യജീവനാലുള്ള സൗഖ്യം നമുക്ക് എത്രയോ ആവശ്യമാണ്!

"യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുയേശുവിനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ചവൻ, നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും"എന്ന് റോമർ 8:11 പറയുന്നു. നമ്മുടെ ആളത്തത്തെ അവന്റെ ഭവനം ആക്കുവാൻ ഉള്ളിൽ വസിക്കുന്ന ആത്മാവിനെ നാം അനുവദിക്കുന്നുവെങ്കിൽ, ഉള്ളിൽ വസിക്കുന്ന ഈ ആത്മാവ്, മരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മർത്യശരീരത്തെ പുനരുത്ഥാനജീവനാൽ സാന്ദ്രീകരിക്കും. നമ്മുടെ മർത്യശരീരത്തെ പുനരുത്ഥാനജീവൻ ചൈതന്യവത്കരിക്കുകയും ജീവിപ്പിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്യും. നമ്മുടെ ആത്മാവിനും ദേഹിക്കും ദേഹത്തിനുമെല്ലാം ദിവ്യജീവൻ ലഭിക്കുമെന്ന് റോമർ 8 വെളിപ്പെടുത്തുന്നു. നാം കർത്താവായ യേശുവിൽ വിശ്വസിക്കുമ്പോൾ, അവൻ ജീവൻ നൽകുന്ന ആത്മാവായി നമ്മുടെ ആത്മാവിലേക്ക് വരുന്നു. അവൻ ജീവൻ നൽകുന്ന ആത്മാവാകയാൽ, ആത്മാവിനെ, റോമർ 8:2-ൽ ജീവന്റെ ആത്മാവ് എന്ന് വിളിച്ചിരിക്കുന്നു. അതിനർത്ഥം ദിവ്യാത്മാവ് ജീവൻ ആകുന്നു എന്നാണ്. നാം കർത്താവായ യേശുവിനെ വിളിച്ചപേക്ഷിച്ചപ്പോൾ, ജീവനായ ഈ ദിവ്യാത്മാവ് നമ്മുടെ ആത്മാവിലേക്ക് വരുകയും അതിനെ ജീവിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് നമ്മുടെ ആത്മാവ് ജീവനാകുന്നു(റോമ.8:10). നാം നമ്മുടെ ദേഹിയുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുമ്പോൾ, നമ്മുടെ മനസ്സും ജീവനായിത്തീരുന്നു (റോമ.8:6). നാം ഉള്ളിൽ വസിക്കുന്ന ആത്മാവിന് ഇടം കൊടുക്കുമ്പോൾ, ആത്മാവ് നമ്മുടെ ആത്മാവിനുള്ളിൽനിന്ന് നമ്മുടെ ദേഹിയിലൂടെ തന്നെത്താൻ ശരീരത്തിലേക്ക് വ്യാപിച്ച്, നമ്മുടെ മർത്യശരീരത്തെ ജീവൻനിറഞ്ഞ ഒരു ശരീരമാക്കും. തത്ഫലമായി, ഈ ദിവ്യജീവൻ നാലുമടങ്ങായ ജീവനായിത്തീരുന്നു: ദിവ്യാത്മാവിലെ ജീവനും, നമ്മുടെ ആത്മാവിനെ നിറയ്ക്കുന്ന ജീവനും, നമ്മുടെ ദേഹിയെ

സാന്ദ്രീകരിക്കുന്ന ജീവനും, നമ്മുടെ ശരീരത്തിൽ അഭിവ്യാപിക്കുന്ന ജീവനും. നമ്മുടെ മുഴുവൻ ആളത്തവും-ആത്മാവും ദേഹിയും ശരീരവും- ദിവ്യാത്മാവിനാൽ നിറയുകയും സാന്ദ്രീകരിക്കപ്പെടുകയും അഭിവ്യാപിക്കപ്പെടുകയും ചെയ്യും. ഇതാണ് രോഗസൗഖ്യം. ദിവ്യാത്മാവ് നമ്മുടെ ആളത്തത്തിന്റെ ഒരു ഭാഗത്തേക്ക് പ്രവേശിക്കുമ്പോളെല്ലാം, ആ ഭാഗത്തെ അത് സൗഖ്യമാക്കുന്നു. ഇതിനർത്ഥം ദിവ്യജീവൻ നമ്മുടെ ആളത്തത്തിന്റെ ആ ഭാഗത്തുള്ള മരണത്തെ ജീവനായി മാറ്റുന്നു എന്നാണ്. ജീവൻ മരണത്തെ വിഴുങ്ങുന്നു- ഇതാണ് രോഗസൗഖ്യം.

നമുക്ക് വീണ്ടുംജനനവും സംതൃപ്തിയും സൗഖ്യവും ആവശ്യമാണ്. നമ്മിൽ പലർക്കും, പ്രത്യേകിച്ച് സഹോദരിമാർക്ക്, അവരുടെ വികാരങ്ങളിൽ സൗഖ്യം ആവശ്യമാണ്. സഹോദരിമാർക്ക് അവരുടെ അസന്തുലിതമായ വികാരങ്ങളിൽ സൗഖ്യം ആവശ്യമാണ്. കാരണം അവരുടെ വികാരങ്ങളിൽ ഒരു തരം രോഗം ഉണ്ട്. എന്തുകൊണ്ട് സഹോദരിമാരായ നിങ്ങൾ പെട്ടെന്ന് കരയുന്നു? ഒരു പക്ഷേ, നിങ്ങളുടെ വികാരങ്ങളിലുള്ള രോഗം നിമിത്തമാകാം. നിങ്ങൾക്ക് സൗഖ്യം ആവശ്യമാണ്. സഹോദരന്മാർക്ക് തങ്ങളുടെ അസന്തുലിതമായ മനസ്സിനും ശാഠ്യമുള്ള ഇച്ഛയ്ക്കും സൗഖ്യം ആവശ്യമാണ്. എന്തുകൊണ്ടാണ് സഹോദരന്മാരേ, നിങ്ങൾ ഇച്ഛയിൽ ശാഠ്യമുള്ളവരായിരിക്കുന്നത്? നിങ്ങൾ ഒന്ന് നിശ്ചയിച്ചാൽ, ഭൂമിയിലുള്ള യാതൊന്നിനും അത് മാറ്റുവാൻ കഴിയുന്നില്ല. അത് ഒരു തരം രോഗമാണ്, ദീനമാണ്. നമുക്ക് സൗഖ്യം ആവശ്യമാണ്. അവൻ സുഖപ്പെടുത്തുന്നതിനാൽ, കർത്താവിനു സ്തോത്രം. സത്യം പറഞ്ഞാൽ, ഇന്ന് പ്രഭാതത്തിൽപോലും എന്റെ പ്രിയ ഭാര്യയിലൂടെ എനിക്ക് കുറച്ച് സൗഖ്യം ലഭിച്ചു. എന്റെ ഭാര്യ ചികിത്സകയല്ല, എന്നാൽ അവൾ സ്വർഗ്ഗീയ ഔഷധം പകരുന്ന ഒരു ഉപകരണമാണ്. നമുക്കെല്ലാവർക്കും സൗഖ്യം ആവശ്യമാണ്. ഈ സൗഖ്യമാണ് രൂപാന്തരം. നമ്മുടെ മനസ്സിലും വികാരത്തിലും ഇച്ഛാശക്തിയിലും നാം സൗഖ്യപ്പെടുന്തോറും നാം രൂപാന്തരപ്പെടുന്നു.

## III. വിശ്വസിക്കുന്നതിലൂടെ ജീവൻ നൽകുന്ന വചനത്താലുള്ള സൗഖ്യം

രാജഭൃത്യൻ കർത്താവിനോട്, വന്ന് തന്റെ മകനെ സൗഖ്യമാക്കണമെന്ന് അപേക്ഷിച്ചുവെങ്കിലും(4:47,49), കർത്താവ് വചനം പറഞ്ഞതേ ഉള്ളൂ; ബാലൻ സൗഖ്യമായി."യേശു അവനോട്, പൊയ്ക്കൊള്ളുക, നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞു. യേശു

പറഞ്ഞ വാക്ക് വിശ്വസിച്ച് ആ മനുഷ്യൻ പോയി"(4:50). രാജഭൃത്യൻ കർത്താ വിന്റെ വായിൽനിന്ന് വന്ന വാക്ക് വിശ്വസിച്ചു. തന്റെ ദാസ ന്മാരിൽ നിന്ന് തന്റെ മകൻ ജീവിച്ചിരിക്കുന്നു എന്ന് അറിഞ്ഞപ്പോൾ അവനും അവന്റെ കുടുംബം മുഴുവനും വിശ്വസിച്ചു(4:51-53). ജീവന്റെ വചനത്തിനായി ഹാലേലുയ്യാ! നാം ജീവൻ നൽകുന്ന വചനത്തെ, നിർജീവമായ അക്ഷരങ്ങളിലുള്ള വചനത്തെയല്ല, ആത്മാവാകുന്ന വചനത്തെ സ്നേഹിക്കുന്നു. കർത്താവ് ജീവൻ നൽകുന്ന വചനം സംസാരിച്ചതേയുള്ളു. മരിച്ചുകൊണ്ടിരുന്ന ബാലൻ സൗഖ്യം പ്രാപിച്ചു. ഇന്നും കർത്താവ് സൗഖ്യമാക്കുന്ന തന്റെ വചനം അയ യ്ക്കുന്നു. മരിച്ചുകൊണ്ടിരിക്കുന്ന ജനം വിശ്വസിച്ചുകൊണ്ട്, ഈ വച നം സ്വീകരിക്കുമ്പോൾ, അവർ ജീവനാൽ സുഖം പ്രാപിക്കുന്നു. ജീവദായകമായ വചനം നമ്മിലേക്ക് നിവേശിക്കപ്പെട്ടാൽ, നാം അതി നെക്കുറിച്ച് ബോധവാന്മാർ ആണെങ്കിലും അല്ലെങ്കിലും നമുക്ക് ഒരി ക്കലും പഴയതുപോലെ ആയിരിക്കുവാൻ കഴിയുകയില്ല. ജീവൻ നൽകുന്ന വചനം, നമ്മുടെ ജീവിതത്തിൽ ഒരു യഥാർത്ഥ മാറ്റം വരു ത്തുന്നു.

മരിച്ചുകൊണ്ടിരിക്കുന്ന ജനം വിശ്വസിക്കുന്നതിലൂടെ വചനം സ്വീക രിക്കുകയും, ജീവനാൽ സുഖം പ്രാപിക്കുകയും ചെയ്യുമ്പോൾ, തത്ത്വ ത്തിൽ മരണം ജീവനായി മാറുന്നു. ജീവൻ മരണത്തിന്റെ മാരക ശക്തിയെ ജയിക്കുന്നു. സൗഖ്യമാക്കുന്ന അവന്റെ ജീവന്നായും, നമ്മുടെ എല്ലാ രോഗങ്ങളും സുഖപ്പെടുത്തുന്ന ജീവൻ നൽകുന്ന വചനത്തിന്നായും കർത്താവിന് സ്തോത്രം. മരണം, അറിവിന്റെ വൃക്ഷമാകുന്ന സ്രോതസ്സിൽനിന്നുള്ളതും, ജീവൻ, ജീവവൃക്ഷമാകുന്ന സ്രോതസ്സിൽനിന്നുള്ളതും ആണ്. നാം മരണമാകുന്ന രോഗത്തിലേക്ക് ജനിച്ചവരാണ്. കർത്താവിന്റെ ജീവന്റെ വചനം നമ്മുടെ മരണത്തെ നീക്കുന്നു. നമുക്ക് വേണ്ടത്, ജീവൻ നൽകുകയും സൗഖ്യമാക്കുകയും ചെയ്യുന്ന അവന്റെ വചനം സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യു ക മാത്രമാണ്.

രാജഭൃത്യന്റെ മകനെ സൗഖ്യമാക്കുന്ന സംഭവം സൂചിപ്പിക്കുന്നത്, നമുക്ക് കർത്താവിനെ ശാരീരികമായി ബന്ധപ്പെടേണ്ട ആവശ്യം ഇല്ല എന്നാണ്. കർത്താവിന്റെ വചനം ഉള്ളിടത്തോളം നമുക്ക് അത് മതിയാകും. നമുക്ക് കർത്താവിന്റെ ശാരീരിക സാന്നിദ്ധ്യം ഇല്ലെങ്കി ലും, അവന്റെ വചനവും വേലയും നമുക്കുള്ളിടത്തോളം, അത് ധാരാളം മതിയാകും. കൂടുതലായി ഒന്നും ആവശ്യമില്ല. നമുക്ക് കർത്താവിന്റെ വചനം ഉള്ളപ്പോൾ, നാം രക്ഷിക്കപ്പെടുകയും കർത്താ വിനാൽ നിറയപ്പെടുകയും ചെയ്യും. നമ്മെ സൗഖ്യമാക്കുവാനും രക്ഷി ക്കുവാനും അവന്റെ വചനം മാത്രം മതി.